സൗരോർജ്ജ വൈദ്യുതി

92 (459) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വീടുകളിൽ പാരമ്പര്യേതര ഊർജ്ജോൽപാദനവും ഉപഭോഗവും പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) സൗരോർജ്ജ വൈദ്യുതി ഉല്പാദിപ്പിച്ച് വീടുകളിൽ ഉപയോഗിക്കുന്നതിന് അനെർട്ട് മുഖാന്തരം ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളെ തെിഞ്ഞെടുക്കുന്ന രീതി, ചെലവാക്കേണ്ട തുക സബ്സിഡി എന്നിവ വിശദീകരിക്കുമോ ?

ഉത്തരം

(എ &ബി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷാ ഫോറം, അനെർട്ട് അംഗീകൃത ടേൺ-കീ ഏജന്റുമാരുടെ ലിസ്റ്റ് എന്നിവ അനെർട്ടിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അനെർട്ടിന്റെ ജില്ലാ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളുടെ മുൻഗണനാടിസ്ഥാനത്തിൽ പ്ലാന്റിന് അനുവാദം നൽകുകയും ഗുണഭോക്താവ് തെരഞ്ഞെടുക്കുന്ന അനെർട്ട് അംഗീകൃത ടേൺ-കീ ഏജന്റുമാർ മുഖേന പ്ലാന്റ് സ്ഥാപിച്ച് നൽകുകയും ചെയ്യുന്നു.

ബയോഗ്യാസ് പ്ലാന്റിന്റെ വലിപ്പത്തിനും മോഡലിനുമനുസരിച്ചാണ് പ്ലാന്റിന്റെ വില നിശ്ചയിക്കുന്നത്. 0.75 ക്യൂബിക് മീറ്റർ ശേഷിയുള്ള പ്രീഫാബ്രിക്കേറ്റഡ് പ്ലാന്റിന് 14,000 രൂപയും 1 ക്യൂബിക് മീറ്റർ പ്ലാന്റിന് 17,500 രൂപയുമാണ് അനെർട്ട് നിശ്ചയിച്ചിട്ടുള്ള ബഞ്ച് മാർക്ക് കോസ്റ്റ് (കടത്തുകൂലിയും മറ്റും ഉൾപ്പെടാതെ). 2 മുതൽ 6 വരെ ക്യൂബിക് മീറ്റർ ശേഷിയുള്ള ഫിക്സ്ഡ് പ്ലാന്റുകൾക്ക് ഓരോ വലിപ്പത്തിനും മോഡലിനും ആവശ്യമായ മെറ്റീരിയലിന്റെ വിലയ്ക്ക് അനുസൃതമായാണ് ആകെ പ്ലാന്റിന്റെ വില കണക്കാക്കുന്നത്. 0.75 ക്യൂബിക് മീറ്റർ, 1 ക്യൂബിക് മീറ്റർ എന്നീ അളവുകളിലുള്ള പ്ലാന്റുകൾക്ക് 8000 രൂപയാണ് സബ്സിഡി. 2 മുതൽ 6 വരെ ക്യൂബിക് മീറ്റർ ശേഷിയുള്ള പ്ലാന്റുകൾക്ക്, ജനറൽ വിഭാഗർത്തിന് 9000 രൂപയും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് 11,000 രൂപയും കക്കൂസുമായി ബന്ധിപ്പിക്കുന്ന പ്ലാന്റുകൾക്ക് അധിക സബ്സിഡിയായി 1200 രൂപയും കേന്ദ്ര നവീന നവീകരണീയ ഊർജ്ജ മന്ത്രാലയം അനുവദിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

10000 സൗരഗൃഹ പദ്ധതിയിൽ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ഏജൻസികളുടെ ഉക വിശദമാക്കുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു.* പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായമായി 91,197 രൂപ ലഭ്യമാക്കുന്നുണ്ട്.

സോളാർ കണക്ട് പദ്ധതിയിൽ 2 മുതൽ 50 കിലോവാട്ട് വരെയുള്ള പവർ പ്ലാന്റുകൾക്ക് അപേക്ഷിക്കാവുന്നതാണ്. സൗരോർജ്ജ നിലയങ്ങളുടെ ഉക വ്യക്തമാക്കുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു.* ഈ പദ്ധതിയിൽ കേന്ദ്ര ധനസഹായം പരമാവധി 24000 രൂപ പ്രതി കിലോവാട്ടിനും സംസ്ഥാന സർക്കാരിന്റെ ധനസഹായമായി 10000 രൂപയും ലഭ്യമാക്കുന്നുണ്ട്.

സൗരോർജ്ജ റാന്തലുകളുടെ പദ്ധതിക്കായി ഒരു റേഷൻകാർഡിന് ഒരു സൗരോർജ്ജ റാന്തൽ എന്ന രീതിയിലാണ് വിതരണം ചെയ്യുന്നത്. ഒരു സി.എഫ്.എൽ. റാന്തലിന്റെ ആകെ വില 2190 രൂപയും എൽ.ഇ.ഡി. റാന്തലിന്റെ ആകെ വില 2240 രൂപയുമാണ്. എസ്.സി./എസ്.റ്റി./ ബി.പി.എൽ./ഫിഷർമാൻ വിഭാഗത്തിലുള്ളവർക്ക് 1000 രൂപയും ജനറൽ വിഭാഗത്തിന് 500 രൂപയുമാണ് സബ്സിഡി. സൺ ഷിപ്പ് പദ്ധതിയിൽ പ്രത്യേകമായി രൂപകല്പന ചെയ്ത സോളാർ ഇൻവെർട്ടർ വിതരണം ചെയ്യാനായി ഏഴ് സ്ഥാപനങ്ങളെ കെ.എസ്.ഇ.ബി. എം-പാനൽ ചെയ്തിട്ടുണ്ട്. സോളാർ ഇൻവെർട്ടറുകൾ മുഴുവൻ ഉകയും നല്കി സ്ഥാപിച്ചശേഷം എം-പാനൽ ചെയ്ത സ്ഥാപനം വഴി അപേക്ഷിക്കുന്ന ആദ്യത്തെ 2750 അപേക്ഷകർക്ക് 5000 രൂപ സബ്സിഡിക്കായുള്ള അപേക്ഷ 2015 സെപ്തംബർ 23-ന് മുമ്പായി സമർപ്പിക്കേണ്ടതായിരുന്നു.

സൗരോർജ്ജ വൈദ്യുതി

93 (460) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ക്ഷാമം നേരിടുന്നതിനാൽ സൗരോർജ്ജ വൈദ്യുതി കൂടുതലായി ഉപയോഗിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ബി) ഒട്ടേറെ വൈദ്യുതി പ്രതിദിനം ഉപയോഗിക്കപ്പെടുന്ന സർക്കാർ ഓഫീസുകളിൽ പരമാവധി സൗരോർജ്ജം ഉപയോഗിക്കാവുന്ന വിധം വിവിധ പദ്ധതികളിൽപ്പെടുത്തി സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും അത് വിദ്യുച്ഛക്തി വകുപ്പിന്റെ മേൽ നോട്ടത്തിൽ സംരക്ഷിക്കപ്പെടുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വിശദമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly